പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 327 11.06.2013-ൽ മറുപടിയ്ക്ക്

## ആർ. എ. പി. ഡി. ആർ. പി പദ്ധതിയുടെ പ്രൈമറി/സെക്കന്ററി സർവ്വീസ് പ്രൊവൈഡർമാർ

ചോദ്യം

ശ്രീ. കെ. കെ. ജയചന്ദ്രൻ :

(എ) ഇലക്ട്രിസിറ്റി ബോർഡ് നടപ്പാക്കുന്ന ആർ. എ. പി. ഡി. ആർ. പി പദ്ധതിയുടെ പ്രൈമറി സർവീസ് പ്രൊവൈഡറും, സെക്കന്ററി സർവീസ് പ്രൊവൈഡറും ഏതൊക്കെ സ്ഥാപനങ്ങളാണെന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് സർക്കാർ/അർദ്ധ സർക്കാർ/സഹകരണ മേഖലയിൽ ഇതിന് അനുയോജ്യമായ സ്ഥാപനങ്ങൾ നിലവിലുണ്ടോ ; എങ്കിൽ അത്തരത്തിൽ ഏതെങ്കിലും സ്ഥാപനത്തെയാണോ ഇതിനായി കണ്ടെത്തിയിട്ടുള്ളത് ; വിശദമാക്കാമോ ;

(സി) റിലയൻസ് കമ്മ്യൂണിക്കേഷൻ കമ്പനിയെ ഈ രംഗത്ത് കൊണ്ടു വരുന്നതിനായി എന്തെങ്കിലും ചർച്ചകൾ നടന്നിട്ടുണ്ടോ ; എങ്കിൽ പൊതുമേഖലയിലുള്ള സ്ഥാപനങ്ങൾ ഉണ്ടായിരിക്കേ സ്വകാര്യ കമ്പനിയെ പ്രസ്തുത പ്രവൃത്തി ഏല്പിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) ഇലക്ട്രിസിറ്റി ബോർഡ് നടപ്പാക്കുന്ന ആർ. എ. പി. ഡി. ആർ. പി പദ്ധതിയുടെ കണക്ടിവിറ്റി ആവശ്യങ്ങൾക്കായി ഭാരതി എയർട്ടെൽ എന്ന സ്ഥാപനത്തെ പ്രൈമറി സർവ്വീസ് പ്രൊവൈഡറായും ബി. എസ്. എൻ. എൽ എന്ന സ്ഥാപനത്തെ സെക്കൻഡറി സർവ്വീസ് പ്രൊവൈഡറായും തീരുമാനിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ബി. എസ്. എൻ. എൽ എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ് ഇത്തരം സേവനങ്ങൾ നൽകുന്നതിന് അനുയോജ്യമായ സ്ഥാപനം. ബി. എസ്. എൻ. എൽ എന്ന സ്ഥാപനത്തെയാണ് സെക്കൻഡറി സർവ്വീസ് പ്രൊവൈഡറായി കണ്ടെത്തിയിട്ടുള്ളത്.

(സി) ആർ. എ. പി. ഡി. ആർ. പി. യുടെ ഭാഗമായിട്ടുള്ള ഐ. ടി പ്രോജക്ടുകളുടെ നടത്തിപ്പുകാരായ കെപ്കോ കെ. ഡി. എൻ എന്ന കമ്പനി കണക്ടിവിറ്റി സർവ്വീസ് പ്രൊവൈഡറായി റിലയൻസ്, എയർട്ടെൽ, ബി. എസ്. എൻ. എൽ എന്നീ സ്ഥാപനങ്ങളെ സാങ്കേതിക പരിശോധനകളിലൂടെ തെരഞ്ഞെടുത്തു. ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്ത എയർട്ടെൽ എന്ന സ്ഥാപനത്തെ പ്രൈമറി സർവ്വീസ് പ്രൊവൈഡറായും ഇതേ തുകയ്ക്ക് സേവനം നൽകാം എന്നു സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലയിലുള്ള ബി. എസ്. എൻ. എൽ എന്ന സ്ഥാപനത്തെ സെക്കൻഡറി സർവ്വീസ് പ്രൊവൈഡറായും ഇലക്ട്രിസിറ്റി ബോർഡ് തീരുമാനിച്ചു

സെക്ഷൻ ഓഫീസർ.